**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4060** — **25.06.2018-ൽ മറുപടിയ്ക്ക്**

## താനൂരിൽ നടന്ന ദേശീയ സാംസ്കാരികോത്സവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരള ഫോക് ലോർ അക്കാദമിയുടെ ആഭിമുഖ്യത്തിൽ താനൂരിൽ നടന്ന ദേശീയ സാംസ്കാരികോത്സവ (മിലൻ)ത്തിന് ആകെ എത്ര തുകയാണ് ഫണ്ട് അനുവദിച്ചിരുന്നത്; ഓരോ വിഭാഗത്തിനുമായി അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) പ്രസ്തുത ഫണ്ടിൽ നിന്നും എത്ര തുകയാണ് വിനിയോഗിച്ചത്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) & (ബി) കേരള ഫോക് ലോർ അക്കാദമിയുടെ ആഭിമുഖ്യത്തിൽ താനൂരിൽ നടന്ന ദേശീയ സാംസ്കാരികോത്സവത്തിന് അക്കാദമിയുടെ പദ്ധതി വിഹിതത്തിൽ നിന്ന് 24,56,906/- രൂപ (ഇരുപത്തി നാല് ലക്ഷത്തി അൻപത്താറായിരത്തി തൊള്ളായിരത്തി ആറ് രൂപ മാത്രം) കേരള ഫോക് ലോർ അക്കാദമി അനുവദിച്ച് നൽകിയിരുന്നു.. ഇനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (സി) താനൂരിൽ നടന്ന ദേശീയോത്സവവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും ബാധ്യതകൾ കേരള ഫോക് ലോർ അക്കാദമി കൊടുത്തു തീർക്കാനുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ? | (സി) ബഹുമാനപ്പെട്ട എം.എൽ.എ. വി. അബ്ദു റഹിമാൻ ചെയർമാനായ സ്വാഗത സംഘം വഴി ലഭിച്ച പ്രാദേശിക പരിപാടിയുടെ ചെലവ് ഇനത്തിൽ 4,73,000/- രൂപയും ക്ലീനിംഗ് ചെലവ് ഇനത്തിൽ 1,21,250/- രൂപയും ചേർത്ത് ആകെ 5,94,250/- (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി ഇരുന്നൂറ്റി അമ്പത്) രൂപയുടെ ബിൽ അക്കാദമി സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.ആയത് പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| | | |
|---|---|---|
| 1. | കാശ്മീർ, നാഗാലാന്റ്, ഛത്തീസ്ഗഡ് കലാകാരന്മാരുടെ പ്രതിഫലചെലവ് (യാത്രാചെലവ് ഉൾപ്പെടെ) | - 7,77,962 |
| 2. | ഉത്തർ പ്രദേശ്, മണിപ്പൂർ, ആസാം കലാകാരന്മാരുടെ പ്രതിഫലചെലവ് (യാത്രാചെലവ് ഉൾപ്പെടെ) | - 4,39,700 |
| 3. | ഇതരസംസ്ഥാന കലാകാരന്മാരുടേയും, വി.ഐ.പി കളുടേയും, ഓഫീസ് സ്റ്റാഫിന്റെയും യാത്രാചെലവ് | - 1,47,561 |
| 4. | പത്ത് ദിവസം പരിപാടി അവതരിപ്പിച്ച കേരളത്തിലെ കലാകാരന്മാരുടെ പ്രതിഫലച്ചെലവ് | - 6,67,000 |
| 5. | ഓണറേറിയം | - 30,000 |
| 6. | കരകൗശല പ്രദർശനത്തിന് വന്ന അന്യ സംസ്ഥാന കലാകാരന്മാരുടെ ടി.എ, ഡി.എ | - 1,64,287 |
| 7. | മുറിവാടകയിനത്തിൽ ചെലവ് | - 62,458 |
| 8. | ക്ഷണിക്കപ്പെട്ട പ്രാസംഗികന്മാർക്ക് ഓണറേറിയം ഇനത്തിൽ ചെലവ് | - 16,000 |
| 9. | മറ്റു ചെലവുകൾ (വി.ഐ.പി ഭക്ഷണം, തത്ക്കാൽ ടിക്കറ്റ്, വി.ഐ.പി ഓണറേറിയം, എയർ ടിക്കറ്റ്, ടാക്സി അഡ്വാൻസ് മുതലായവ | - 1,51,938 |
| | ആകെ | 24,56,906 |